"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - പുനർഗേഹം പദ്ധതി - കരാർ ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.345/2025/F&P തീയതി,തിരുവനന്തപുരം, 23-05-2025

പരാമർശം:-

1. സ.ഉ.(കൈ) നം.16/2017/മ.തു.വ തീയതി 22.07.2017.
2. സ.ഉ.(സാധാ) നം.197/2025/മ.തു.വ തീയതി 18/03/2025.
3.. സ.ഉ.(പി) നം.54/2025/ധന തീയതി 19.04.2025.
4 ഫിഷറീസ് ഡയറക്ടറുടെ 28/03/2025-ലെ DFTVM/ 924/ 2025-S4PIU നമ്പർ കത്ത്

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു.) രൂപീകരിച്ചും ജീവനക്കാരുടെ തസ്തിക അനുവദിച്ചും പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പ്രവർത്തനകാലാവധി 01.04.2025 മുതൽ 31.03.2026 വരെ പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിരുന്നു.

2) പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സഞ്ചിത ശമ്പളത്തിൽ ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാരായ ശ്രീമതി.നീതാചന്ദ്രൻ കെ.ആർ. (ക്ലർക്ക്), ശ്രീമതി.ദിവ്യ എസ്.ആർ. (ക്ലാർക്ക്), ശ്രീമതി മഞ്ജു എസ്. (ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ശ്രീ.ജിഷ്ണു ബി.എസ്. (ഓഫീസ് അറ്റൻഡന്റ്) എന്നിവരുടെ നിലവിലെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന ഫിഷറീസ് ഡയറക്ടറുടെ പരാമർശം(4)-ലെ കത്തിലെ ആവശ്യം പരിഗണിച്ചുകൊണ്ട്, കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിലും സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയിലും, പരാമർശം (3) ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായി പലിച്ചുകൊണ്ടും, **02.04.2025 മുതൽ 31.03.2026 വരെ** ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T P

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ് (പരാമർശം 3130828/WCD-2/106/2025-FIN dated 13.05.2025 പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം (എ2/92/2025-മ.ത.വ)

ഉത്തരവിൻ പ്രകാരം

Signed byസെക്ഷൻ ഓഫീസർ
R. Narendra Varma
Date: 23-05-2025 16:45:24